**05.10.2023**

# KGBEU OU ബുള്ളറ്റിൻ 130/2023

സഖാക്കളെ,

## വിഷയം: Biometric attendance GM മായി നടന്ന ചർച്ച

നമ്മുടെ ബാങ്കിൽ പുതുതായി implement ചെയ്യാൻ തീരുമാനിച്ച ബയോമെട്രിക് അറ്റൻഡൻസ് വിഷയത്തിൽ GM നോട് സംസാരിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

ഔദ്യോഗികമായ കാരണങ്ങളാലും സാങ്കേതികമായ കാരണങ്ങളാലും 10 മണിക്ക് മുന്നേ login ചെയ്യാൻ കഴിയാത്ത ജീവനക്കാർ ഉൾപ്പെടെ റീജിയണൽ ഓഫീസിൽ നിന്നും പെർമിഷൻ എടുക്കണം എന്ന തരത്തിലാണ് മാനേജ്മെൻറ് മുന്നോട്ടുപോകുന്നത്. ഇത് ഒരുതരത്തിലും അംഗീകരിക്കാവുന്ന കാര്യമല്ല എന്ന് GM നെ കൃത്യമായി അറിയിച്ചു. മാത്രവുമല്ല, അംഗീകരിക്കപ്പെട്ട സമയത്തേക്കാൾ കൂടുതൽ സമയം ജോലി ചെയ്യുന്ന ജീവനക്കാർ വല്ലപ്പോഴും അല്പം വൈകിയാൽ തലകുനിച്ചു നിൽക്കേണ്ടി വരുന്ന സാഹചര്യം വരികയും അന്നേ ദിവസം അതിനൊന്നും നിൽക്കാതെ സ്വയം അവധിയിലേക്ക് പോകുന്ന സാഹചര്യത്തിലേക്ക് വഴിവെക്കുക യും ചെയ്യും. അനാവശ്യമായി ജീവനക്കാരെ ലീവ് എടുക്കാൻ സന്നദ്ധമാക്കുന്ന നടപടിയായി ഇത് മാറുകയും ചെയ്യും. അത് ശാഖകളുടെ പ്രവർത്തനത്തെ കൂടുതൽ ബുദ്ധിമുട്ടിലേക്ക് നയിക്കും. ഇത്തരം നിരവധിയായ കാരണങ്ങൾ കൊണ്ട് മാനേജ്മെൻറ് നടപ്പിലാക്കാൻ തീരുമാനിച്ച ബയോ മെട്രിക് അറ്റൻഡൻസ് വളരെ നെഗറ്റീവായി ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കും. മാത്രവുമല്ല, ജീവനക്കാരുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളിൽ ചർച്ചപോലും നടത്താതെ വീണ്ടും വീണ്ടും പല തീരുമാനങ്ങളും അടിച്ചേൽപ്പിക്കുകയാണ്. ഇത്തരം വിഷയങ്ങൾ ഉൾപ്പെടെ ചേർത്ത് ശക്തമായ പ്രക്ഷോഭത്തിലേക്ക് പോകും എന്ന സൂചന കൂടി നാം മാനേജ്മെന്റിന് നൽകി.

ഇത് നടപ്പിലാക്കുമ്പോൾ എന്തൊക്കെ പ്രശ്നങ്ങൾ ആണ് ഉണ്ടാവുക എന്ന് അറിയാൻ വേണ്ടി pilot യൂണിറ്റുകളിൽ ടെസ്റ്റിംഗ് മാത്രമാണ് നടക്കുന്നത് എന്നാണ് GM പ്രതികരിച്ചത്. അംഗീകൃത സംഘടനയുമായി ചർച്ച ചെയ്യാതെ ഇത് implement ചെയ്യില്ല എന്ന ഉറപ്പ് GM നമുക്ക് നൽകിയിട്ടുണ്ട്. സംഘടന ഉന്നയിച്ച പ്രശ്നങ്ങൾ എല്ലാം വിശദമായി ചർച്ച ചെയ്യാമെന്നും സംഘടന പറയുന്ന ആശങ്കകളൊക്കെ പരിഹരിച്ചതിന് ശേഷം മാത്രമേ ഈ കാര്യം നടപ്പിലാക്കുന്നതിനെ കുറിച്ച് ആലോചിക്കുള്ളൂ എന്നുമാണ് ഇന്നത്തെ ചർച്ചയിൽ ഉണ്ടായ ധാരണ. മാത്രവുമല്ല, റീജിയണൽ ഓഫീസിൽ നിന്നും പെർമിഷൻ എടുക്കേണ്ടി വരുന്ന യാതൊരു സാഹചര്യവും ഉണ്ടാവില്ല എന്നും ഉറപ്പു തന്നിട്ടുണ്ട്.

എന്തു തന്നെയായാലും ബയോമെട്രിക് അറ്റൻഡൻസ് implement ചെയ്യേുന്ന സാഹചര്യം നമ്മുടെ ബാങ്കിൽ നിലവിലില്ല എന്ന കാര്യത്തിൽ സംഘടന ഉറച്ചുനിന്നു. എത്രയും പെട്ടെന്ന് ഈ തീരുമാനത്തിൽ നിന്നും പിൻവാങ്ങണം എന്ന് നാം ശക്തമായി ആവശ്യപ്പെട്ടു. മറ്റു കാര്യങ്ങൾ വഴിയെ അറിയിക്കും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)